PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Monday, *the 17th September 1951*

VOL. IV] OFFICIAL REPORT [No. 1

The Assembly met in the Legislative Chamber, Trivandrum, at eleven of the Clock on Monday, the 17th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

Oral Answers

കന്നുകാലി ലേലപരസ്യം

*ക. (നം) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ക൯ @ ക ഏപ്രിൽ ക൩-ാംതീ- കല്ലുക്കര ലൈവ് സ്റ്റാക്ക് ഫാറത്തിലുള്ള കുറെ മൃഗങ്ങളെ ലേലം ചെയ്യുകയുണ്ടായോ;

(ബി) അതു സംബന്ധിച്ചുള്ള പരസ്യം ഏതു തീയതിയിലെ ഗവണ്മെൻറ് ഗസറ്റിലാണ് പരസ്യം ചെയ്തത്?

ധനകാര്യവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ലേലം ചെയ്യുകയുണ്ടായി.

(ബി) അതുസംബന്ധിച്ചുള്ള പരസ്യം ക൯ @ ക ഏപ്രിൽ ക൦-ാം തീയതിയിലെ ഗവണ്മെൻറ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ക൦-ാംതീ-യിലെ ഗസറ്റ് സാധാരണയായി കരാളകഴിഞ്ഞാണ് ആളുകൾക്ക് കിട്ടുന്നത് എന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. കെ. എം. കോര: കരാളകഴിഞ്ഞേ കിട്ടുകയുള്ളു എന്ന് ഗവണ്മെൻറ് വിചാരിക്കുന്നില്ല. സാധാരണയായി രണ്ടുമൂന്നുദിവസം കഴിഞ്ഞു കിട്ടും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ക൩-ാംതീ- നടന്ന ലേലം സംബന്ധിച്ചുള്ള പരസ്യം ലേലം നടന്നുകഴിഞ്ഞതിനു ശേഷമാണ് പൊതുജനങ്ങൾ അറിയുവാൻ ഇടയായതെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിക്കുമോ?

ശ്രീ. കെ. എം. കോര: ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയുന്നതുകൊണ്ട് അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. ഏ. കെ. പാപ്പുപിള്ള: ഉപയോഗശൂന്യമായതുകൊണ്ടാണോ, അതോ മറ്റു കാരണങ്ങളാലാണോ ഈ മൃഗങ്ങളെ ലേലം ചെയ്തത്?

ശ്രീ. കെ. എം. കോര: ആ ചോദ്യത്തിന് നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

Sri. P. S. Nataraja Pillai: May I know from the hon. Minister whether it is not a fact that the date stamp on the Gazette bears a date which is three days after the date of publication of the Gazette?

ശ്രീ. കെ. എം. കോര: അങ്ങനെയാണെങ്കിൽ അതിനു വേണ്ട പരിഹാരം ചെയ്യുന്നതാണ്.

Sri. P. S. Nataraja Pillai: I affirm that it is so, Sir.

Sri. K. M. Korah: It will be taken notice of.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ലേലത്തെ സംബന്ധിച്ചുള്ള പരസ്യം ശരിയായ സമയത്തു് പ്രസിദ്ധപ്പെടുത്താതെയിരിക്കുന്നതുകൊണ്ടു് ലേല നടപടി ശരിയായിട്ടല്ല നടത്തിയിരിക്കുന്നതെന്നു ഗവൺമെൻറു മനസ്സിലാക്കുമോ?

ശ്രീ. കെ. എം. കോര: പരസ്യം ശരിയായ സമയത്തുതന്നെയാണു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. അതുകൊണ്ടു് ലേലവും നടത്തി.

നൂൽ മൊത്തവ്യാപാരികൾ

*൨. (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലത്തു എത്ര നൂൽ മൊത്തവ്യാപാരികൾ ഉണ്ടു്; അവർ ആരെല്ലാം;

(ബി) കൊച്ചിൻ മഹാലക്ഷ്മി ടെക്സ്റ്റയിൽസ് റിട്ടയിൽ ലൈസൻസികൾക്കു് ക്ലിപ്തസമയത്തു് നൂൽ കൊടുക്കാതെ അവർക്കു നഷ്ടമുണ്ടാക്കിവയ്ക്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) രണ്ടു്. ശ്രീ. ക്ഷേമലക്ഷ്മി വാച്ചുരാജും കൊച്ചിൻ മഹാലക്ഷ്മി കാട്ടൺ മിൽസുകാരുടെ മൊത്ത വ്യാപാരശാലയും.

(ബി) ഉണ്ടു്. പരാതി അന്വേഷണത്തിൽ ഇരിക്കുകയാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആരാണു് പരാതി അയച്ചതു്?

ശ്രീ. കെ. എം. കോര: ബഹു. മെമ്പർതന്നെ പരാതി അയച്ചിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ വ്യാപാരികൾ അനധികൃതമായി നൂൽ വിതരണം ചെയ്യുന്നതുകൊണ്ടും വേണ്ട സമയത്തു് നൂൽ വിതരണം ചെയ്യാതുകൊണ്ടും ജനങ്ങൾക്കു വളരെ അസൌകര്യവും നഷ്ടവും ഉണ്ടാകുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. എം. കോര: അതിനെപ്പറ്റി ഗവൺമെൻറു് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വലനെയ്യുന്നതിനു് ആവശ്യമായ നൂൽ ഇപ്പോൾ കിട്ടുന്നില്ലാ എന്നുള്ള പരാതി ഉണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെയും പരാതി ഉണ്ടു്.

ശ്രീ. അമ്പാട്ടു് ഈച്ചരമേനോൻ: ഇവിടെ വരുന്ന നൂൽ പുറത്തു പോകുന്നതായി വല്ല പരാതിയും ഉണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെയും കേൾക്കുന്നുണ്ടു്. പക്ഷെ അക്കാര്യം ഈ ഗവൺമെൻറിന്റെ കൺവെട്ടത്തിൽ പെടുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly